(ഡി) എങ്കിൽ അവ ഏതെല്ലാമാണെന്നും വികസന പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്ത് ഈ വർഷം 50 ഹോമിയോ ഡിസ്പെൻസറികളും 100 ആയുർവേദ ഡിസ്പെൻസറികളും തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. സ്ഥലനിർണ്ണയം സംബന്ധിച്ച് തീരുമാനമായിട്ടില്ല.

(സി)&(ഡി) പ്രകൃതി ചികിത്സയുടെ പ്രചാരണം ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുള്ള തുക പ്രയോജനപ്പെടുത്തി വർക്കല പ്രകൃതി ചികിത്സാ കേന്ദ്രത്തിൽ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

183 (2369) പേരാമ്പ്രയിൽ ഹോമിയോ ആശുപത്രി അനുവദിക്കുന്നതിന് നടപടി

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിലെ കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിൽ ഒരു ഹോമിയോ ആശുപത്രി അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം (ഫയൽ നമ്പർ 1406/പി2/99/ആരോഗ്യവകുപ്പ്) ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്തു നടപടികളാണ് എടുത്തിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ)&(ബി) ഈ വർഷം പുതിയതായി 50 ഹോമിയോ ഡിസ്പെൻസറികൾ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. സ്ഥലനിർണ്ണയം സംബന്ധിച്ച് തീരുമാനമായിട്ടില്ല.

184 (2370) വിഴിഞ്ഞം ഫിഷിംഗ് ഹാർബറിന്റെ പണി

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം ഫിഷിംഗ് ഹാർബറിന്റെ പണി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നറിയിക്കുമോ;

(ബി) ഇതിന്റെ എന്തെല്ലാം പണികൾ പൂർത്തിയായി;

(സി) ഇനി എന്തെല്ലാം പണികൾ പൂർത്തിയാക്കാനുണ്ട്;

(ഡി) ഈ പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു?

ഉത്തരം

(എ)&(ബി) രണ്ടും മൂന്നും ഘട്ടത്തിലെ പ്രധാന പണികളായ ഗിയർ ഷെഡ്, വാർഫ്, ലേലപ്പുര എന്നിവയിൽ 100 മീറ്റർ നീളമുള്ള ഗിയർഷെഡിന്റെ ഒരു സൈഡിലുള്ള കോൺക്രീറ്റ് തൂണുകളുടെയും 500 മീറ്റർ നീളമുള്ള

LIBRARY ARCHIVES Kerala Legislative Assembly